# നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥ പഠിക്കാൻ വിദഗ്ധസമിതി വേണം - സുപ്രീംകോടതി

ന്യൂഡൽഹി: സ്വകാര്യആസ്പത്രികളിലും നഴ്സിങ് ഹോമുകളിലും തൊഴിലെടുക്കുന്ന നഴ്സുമാരുടെ സേവന-വേതനവ്യവസ്ഥകളും തൊഴിൽ അന്തരീക്ഷവും പഠിക്കാൻ കേന്ദ്ര സർക്കാറിനോട് സുപ്രീംകോടതി. ഇതിനായി നാലാഴ്ചയ്ക്കകം വിദഗ്ധസമിതിയെ നിയോഗിക്കണം.

ജസ്റ്റിസുമാരായ എ.ആർ. ദവെ, ശിവ കീർത്തി സിങ്, ആദർശ് കുമാർ ഗോയൽ എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചിന്റെതാണ് നിർദേശം. കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നിയമം നിർമിക്കാനും കേന്ദ്രത്തോട് ആവശ്യപ്പെട്ടു. നഴ്സുമാരുടെ സംഘടന നല്കിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

# എൻഡോസൾഫാൻ ചർച്ച പരാജയം; മൂന്നിന് വീണ്ടും ചർച്ച

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ തീർക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ച പരാജയപ്പെട്ടു. അടുത്തമാസം മൂന്നിന് വീണ്ടും ചർച്ച നടത്തും.

പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ, മന്ത്രിമാരായ കെ.സി.ജോസഫ്, കെ.പി.മോഹനൻ, വി.ശിവൻകുട്ടി എം.എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രിയുടെ വസതിയായ ക്ലിഫ് ഹൗസിലായിരുന്നു ചർച്ച.

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെയും മന്ത്രി കെ.പി.മോഹനന്റെയും നിരുത്തരവാദപരമായ നിലപാടിനെത്തുടർന്നാണ് ചർച്ച പരാജയപ്പെട്ടതെന്ന് പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ പറഞ്ഞു.

ചർച്ചയ്ക്കുള്ള പ്രാഥമികമായ ഒരുക്കങ്ങൾ പോലും നടത്താതെയാണ് മുഖ്യമന്ത്രിയും കൃഷിമന്ത്രിയും ഉദ്യോഗസ്ഥരും ചർച്ചയ്ക്ക് എത്തിയത്. സഹായം നൽകാനുള്ളവരുടെ പേരുകൾ പോലും ഉദ്യോഗസ്ഥരുടെ പക്കൽ ഇല്ലായിരുന്നു. നിലവിൽ 5887 പേർ ലിസ്റ്റിൽ ഉണ്ടെങ്കിലും 5227 പേർ മാത്രമേ ഉള്ളൂ എന്ന തെറ്റായ കണക്കാണ് സർക്കാർ അവതരിപ്പിച്ചത്.

ലിസ്റ്റിൽ ഉള്ളവരിൽ തന്നെ മൂവായിരത്തോളം പേർക്ക് മനുഷ്യാവകാശ കമ്മിഷൻ നിർദേശിച്ച സഹായങ്ങൾ കൊടുത്തിട്ടുമില്ല. ഈ വിഷയത്തിൽ കൃത്യമായ പരിഹാരം ഉണ്ടാകാത്തതിനെത്തുടർന്നാണ് ചർച്ച അലസി പിരിഞ്ഞതെന്ന് വി.എസ്. പറഞ്ഞു.

# വെടിയുണ്ട ഇടപാടിലെ ക്രമക്കേട്: അന്വേഷണം സി.ബി.ഐ.ക്ക്

കൊച്ചി: കേരള സംസ്ഥാന റൈഫിൾ അസോസിയേഷനുമായുള്ള വെടിയുണ്ട ഇടപാടിലെ ക്രമക്കേടിനെക്കുറിച്ചുള്ള കേസുകൾ ഹൈക്കോടതി സി.ബി.ഐ.ക്ക് വിട്ടു.

വെടിയുണ്ടകൾ തീവ്രവാദികളുടെ കൈയിലെത്താൻ സാധ്യതയുണ്ട്. അത് രാജ്യസുരക്ഷയെ ബാധിച്ചേക്കാം. ദേശീയ പ്രാധാന്യവും വൈപുല്യവും പരിഗണിച്ചാണ് അന്വേഷണം സി.ബി.ഐ.ക്ക് വിടുന്നതെന്ന് ജസ്റ്റിസ് ബി. കെമാൽ പാഷ വ്യക്തമാക്കി.

ആലപ്പുഴ, കോട്ടയം, പാലക്കാട് ടൗൺ, പാലക്കാട് കസബ പോലീസ് സ്റ്റേഷനുകളിലെ കേസുകളാണ് സി.ബി.ഐ.ക്ക് വിടുന്നത്. കേരള പോലീസ് ഇതിനകം നടത്തിയ അന്വേഷണം ശരിയായ ദിശയിലാണ്. അന്വേഷണ പുരോഗതി അഭിനന്ദനാർഹമാണെന്ന് ഹൈക്കോടതി വിലയിരുത്തി. തിരുവനന്തപുരം ഹെഡ് ക്വാർട്ടേഴ്സിലെ ഐ.ജി. സ്റ്റേറ്റ് അറ്റോർണി മുഖേന സമർപ്പിച്ച റിപ്പോർട്ട് കോടതി രേഖയിലുൾപ്പെടുത്തിയിട്ടുമുണ്ട്.

എന്നാൽ, വെടിയുണ്ട ഇടപാടിലെ ക്രമക്കേട് സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതാണ്. വെടിയുണ്ടയുടെ ദുരുപയോഗം നടന്നെങ്കിൽ അത് രാജ്യതാത്പര്യത്തിനുപോലും എതിരാവും.

# ശ്രീകുമാർവർമ സെനഗലിൽ സുരക്ഷിതനെന്ന് സൂചന

ചെന്നൈ: ആഫ്രിക്കയിലെ സെനഗലിൽ വെച്ചു കാണാതായ എഴുത്തുകാരനും തിരുവിതാംകൂർ രാജകുടുംബാംഗവുമായ ശ്രീകുമാർ വർമ ഉടനെ നാട്ടിലേക്ക് തിരിച്ചെത്തുമെന്ന് വർമയുടെ കുടുംബവുമായി ബന്ധപ്പെട്ട വൃത്തങ്ങൾ പറഞ്ഞു. ശനിയാഴ്ചയോ ഞായറാഴ്ചയോ വർമ ചെന്നൈയിലെത്തുമെന്നാണ് വർമയുടെ കുടുംബത്തി...

# വനിതാ ഫാർമസിസ്റ്റിനെ കൊന്ന കേസ്: ഡോക്ടർക്ക് ജീവപര്യന്തം

പാലക്കാട്: വനിതാ ഫാർമസിസ്റ്റിനെ തീവെച്ചുകൊന്ന കേസിൽ ആയുർവേദ ഡോക്ടർക്ക് ജീവപര്യന്തവും ഏഴുവർഷം തടവും 7,80,000 രൂപ പിഴയും ശിക്ഷ. ചെർപ്പുളശ്ശേരി തിരുമുല്ലപ്പുള്ളിക്കാവ് കാറൽമണ്ണയിലെ അമ്പാടിഹൗസിൽ ഡോ. പ്രസാദിനാണ് (35) പാലക്കാട് സെക്കൻഡ് അഡീഷണൽ സെഷൻസ് കോടതി ജഡ്ജി സുരേഷ് കുമാർ പോൾ ശിക്ഷവിധിച്ചത്. വിവാഹാഭ്യർഥന നിരസിച്ചതിന് പട്ടാമ്പി പെരുമുടിയൂർ മൈലാട്ടുവടക്കേതിൽ വീട്ടിൽ മുരളീധരന്റെ ഭാര്യ സിന്ധുവിനെ (32) പെട്രോളൊഴിച്ച് കത്തിച്ചകേസിലാണ് വിധി.

രണ്ട് വകുപ്പുകളിലായാണ് ശിക്ഷ. കൊലക്കുറ്റത്തിന് ജീവപര്യന്തം തടവും ഏഴുലക്ഷംരൂപ പിഴയും അടയ്ക്കണം. പിഴയടച്ചില്ലെങ്കിൽ അഞ്ചുവർഷം അധിക തടവനുഭവിക്കണം. പിഴത്തുകയിൽ അഞ്ചുലക്ഷം രൂപ സിന്ധുവിന്റെ മകൾക്ക് നൽകണം.

# ...ധക്കേസ്: ...റ്റക്കാർ

...ച്ച് കാർ തടഞ്ഞുനിർത്തി വാടകക്കൊലയാളികൾ വെട്ടിക്കൊലപ്പെടുത്തിയെന്നതാണ് കേസ്. ബിസിനസ് സംബന്ധമായ ശത്രുത കാരണം ടൂർ കമ്പനി ഉടമ ബാബു വർഗീസ് ഏർപ്പാടാക്കിയ ക്വട്ടേഷൻസംഘമാണ് കരീമിനെ കൊന്നത്.

MANAPPURAM
FINANCE LIMITED
Regd. Office: IV/470A (Old) W/638A (New), Manappuram House, Valapad, Thrissur, Kerala - 680 567, Tel: 0487-3050417, Fax: 0487 - 2399298, CIN No: L65910KL1992PLC006623
Email : cosecretary@manappuram.com
Website : www.manappuram.com

NOTICE

Notice is hereby given pursuant to Reg.47(1)(a) of SEBI (LODR) Regulations, 2015, that a meeting of the Board of Directors of the Company will be held on Friday, 12th February, 2016 at 10.00 AM at the Corporate Office of the Company at Valapad, Thrissur, Kerala- 680567, mainly to consider the Un-Audited Financial Results of the Company for the Quarter ended on 31st December, 2015. For further details, please see www.manappuram.com or www.bseindia.com or www.nseindia.com.

By Order of the Board
Sd/-
Valapad
29.01.2016
Ramesh Periasamy
Company Secretary